ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.06.2024**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ നിർമ്മാണ, സേവന, കാർഷിക മേഖലയ്ക്ക് തുല്യ പ്രാധാന്യമാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു. പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്തു.

2. പരിവർത്തിത ക്രൈസ്തവർ ഉൾപ്പെടെയുള്ള സമുദായങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന പിന്നാക്ക കമ്മീഷനെ ചുമതലപ്പെടുത്തുന്നത് പരിശോധിക്കുമെന്ന് മന്ത്രി ഒ ആർ കേളു.

3. സംസ്ഥാനത്തെ മ്യൂസിയങ്ങൾ അവലോകനം ചെയ്യാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും മ്യൂസിയം കമ്മീഷൻ രൂപീകരിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.

4. സംസ്ഥാനത്ത് മഴ ശക്തി പ്രാപിക്കുന്നു; വ്യാപക കൃഷി നാശം; പലയിടങ്ങളിലും വെള്ളക്കെട്ട് രൂക്ഷം; ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.

5. ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

RNU TVPM

**********************************************************

<u>**പാർലമെൻറ്**</u>

രാജ്യത്തെ നിർമ്മാണ, സേവന, കാർഷിക മേഖലയ്ക്ക് തുല്യ പ്രാധാന്യമാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമ്മു. പാർലമെൻറിൻറെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള സർക്കാർ നടപടികൾ ഉയർത്തിക്കാട്ടിയ ശ്രീമതി മുർമ്മു ഐടി, വിനോദ സഞ്ചാരം ആരോഗ്യം തുടങ്ങി ഒട്ടുമിക്ക മേഖലയിലും രാജ്യം മുന്നിട്ട് നിൽക്കുന്നതായി അഭിപ്രായപ്പെട്ടു. നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സ്വയം തൊഴിൽ വർധിപ്പിക്കാനും ഇതിലൂടെ സാധിച്ചതായി രാഷ്ട്രപതി പറഞ്ഞു. വടക്കു കിഴക്കൻ മേഖലയുടെ വികസനത്തിന് കഴിഞ്ഞ 10 വർഷത്തിൽ സർക്കാർ അനുവദിക്കുന്ന തുകയിൽ നാലിരട്ടി വർധന ഉണ്ടായതായും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ചോദ്യപ്പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ശരിയായ അന്വേഷണം നടത്താനും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ശ്രീമതി മുർമ്മു പറഞ്ഞു. രാഷ്ട്രപതിയുടെ പ്രസംഗത്തിൻറെ പതിപ്പുകൾ ലോക്സഭയുടെയും രാജ്യസഭയുടെയും മേശപ്പുറത്തു വച്ചു. അതേസമയം, രാജ്യം നേരിടുന്ന വിലക്കയറ്റം, തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങിയ വിഷയങ്ങൾ പ്രസംഗത്തിൽ പരാമർശിച്ചില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു. ഉച്ചക്കു ശേഷം സമ്മേളിച്ച ലോക്സഭയിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ പ്രതിപക്ഷ നേതാവായി സ്പീക്കർ ഓം ബിർള പ്രഖ്യാപിച്ചു. ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു. പുതുതായി രൂപീകരിച്ച കേന്ദ്ര മന്ത്രിസഭയിലെ അംഗങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യസഭയിൽ പരിചയപ്പെടുത്തി. തുടർന്ന് രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.

**********************************************************

RNU TVPM

**<u>O R കേളു.</u>**

പരിവർത്തിത ക്രൈസ്തവർ ഉൾപ്പെടെയുള്ള സമുദായങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന പിന്നാക്ക വിഭാഗ കമീഷനെ ചുമതലപ്പെടുത്തുന്നത് പരിശോധിക്കുമെന്ന് മന്ത്രി ഒ ആർ കേളു. നിയമസഭയിൽ പ്രമോദ് നാരായൺ എം എൽ എയുടെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. പട്ടികജാതി വിഭാഗക്കാരുടേതിന് സമാനമായ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ നേരിടുന്നതിനാൽ പരിവർത്തിത ക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ഈ വിഭാഗക്കാരെ OEC പട്ടികയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും സർക്കാർ സർവ്വീസിലേക്കുള്ള സംവരണവും അനുവദിച്ചു വരുന്നതായും മന്ത്രി അറിയിച്ചു.

*******************************************************

**<u>സജി ചെറിയാൻ - നിയമസഭ</u>**

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിൽ പുതിയ അഞ്ച് തീയേറ്റർ സമുച്ചയങ്ങൾ ഉടൻ നിർമാണം പൂർത്തിയാക്കുമെന്ന് മന്ത്രി സജി ചെറിയാൻ നിയമസഭയിൽ അറിയിച്ചു. എംഎൽഎമാരായ എം നൗഷാദ്, കടകംപള്ളി സുരേന്ദ്രൻ, കെ പ്രേംകുമാർ, പി വി ശ്രീനിജൻ എന്നിവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു മന്ത്രി. കിഫ്ബി സാമ്പത്തിക സഹായത്തോടെയാണ് തീയേറ്റർ സമുച്ചയങ്ങളുടെ നിർമാണം പുരോഗമിക്കുന്നത്. ആലപ്പുഴ, കോട്ടയം, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ നിർമാണം പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു. മലപ്പുറത്തും കോഴിക്കോടും തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പിൽ നിന്നും സ്ഥലം കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*******************************************************

PRD TVPM

**മ്യൂസിയം - കടന്നപ്പള്ളി**

സംസ്ഥാനത്തെ വ്യത്യസ്ഥങ്ങളായ മ്യൂസിയങ്ങളെ അവലോകനം ചെയ്യാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും മ്യൂസിയം കമ്മീഷൻ രൂപീകരിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. നിയമസഭയിൽ വകുപ്പിനെക്കുറിച്ചുള്ള ധനാഭ്യർത്ഥന ചർച്ചക്ക് മറുപടി പറയുകയായിരുന്നു മന്ത്രി. കഴിഞ്ഞ എട്ടു വർഷത്തിനിടെ സംസ്ഥാനത്ത് ഒട്ടേറെ പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ള മ്യൂസിയങ്ങളെല്ലാം അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്ത് ഒരു മ്യൂസിയം ശൃംഖല തന്നെ രൂപപ്പെട്ടു വരുന്നുണ്ടെന്നും മ്യൂസിയം സൗഹൃദസമിതികൾ രൂപീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

*****************************************************

**മന്ത്രി കെ രാജൻ**

ഭൂമിയുടെ തരം മാറ്റൽ പ്രക്രിയ ത്വരിതപ്പെടുത്തുമെന്ന് മന്ത്രി കെ രാജൻ. നിയമസഭയിലെ മീഡിയ റൂമിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പഴയ നിയമം അനുസരിച്ച് RDO മാർക്ക് മാത്രമായിരുന്നു തരംമാറ്റൽ രേഖയിൽ ഒപ്പിടുവാനുള്ള അധികാരം, എന്നാൽ പുതിയ നിയമം കൊണ്ടുവന്നതോടെ ഡെപ്യൂട്ടി ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവർക്ക് പ്രക്രിയയിൽ ഇടപെടാൻ അധികാരം നൽകിയതായി മന്ത്രി അറിയിച്ചു. തരം മാറ്റൽ അപേക്ഷകൾ തീർപ്പാക്കുന്നതിന് അടുത്ത മാസം ഒന്നു മുതൽ പുതിയ സംവിധാനം നിലവിൽ വരും.

PRD TVPM

*****************************************************

**നിയമസഭ-വാക്ക് ഔട്ട്.**

കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. പദ്ധതി വിഹിതം യഥാ സമയം ലഭിക്കാത്തത് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്, പ്രതിപക്ഷത്ത് നിന്ന് ടി

സിദ്ദിഖ ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. പദ്ധതി തുക യഥാസമയം ലഭിക്കാത്തത് കാരണം സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ചൂണ്ടിക്കാട്ടി. സാമ്പത്തിക പ്രയാസം മൂലമാണ് സ്വാഭാവികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നതെന്ന് മന്ത്രി എം ബി രാജേഷ് മറുപടിയായി പറഞ്ഞു. മന്ത്രിയുടെ മറുപടിയെതുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

*******************************************************

**<u>മഴ കേരളം</u>**

കേരളത്തിൽ തുടരുന്ന കനത്ത മഴയിൽ വ്യാപകനാശം. തീരമേഖലകളിൽ കടലാക്രമണം രൂക്ഷമായി. മലയോര മേഖലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശനം നിരോധിച്ചു. ഇന്ന് വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പത്തനംതിട്ട മുതൽ കോഴിക്കോട് വരെ ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്. കേരളം- ലക്ഷദ്വീപ്, കർണ്ണാടക തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്ക് ഏർപ്പെടുത്തി. അതേസമയം കനത്ത മഴയെത്തുടർന്ന് ഇടുക്കി, പത്തനംതിട്ട,ആലപ്പുഴ, എറണാകുളം, മലപ്പുറം, കൊല്ലം , കോഴിക്കോട്, തൃശൂർ, വയനാട് ജില്ലകളിൽ ദേശീയ ദുരന്ത നിവാരണസേനയെ വിന്യസിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ജില്ലകൾക്ക് ഒരു കോടി രൂപവീതം അനുവദിച്ചു.

*******************************************************

**<u>വയനാട് (ഇൻട്രോ)</u>**

വയനാട് ജില്ലയിൽ കാലവർഷം ശക്തമായ സാഹചര്യത്തിൽ 5 ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ഇന്നലെ രാത്രി ആരംഭിച്ച മഴയിൽ ജില്ലയിലെ പലയിടങ്ങളിലും വെള്ളക്കെട്ടുണ്ടായി. വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാപ്രതിനിധി അരുൺ വിൻസെൻറ്........

RNU TVPM

(വോയിസ്)

*********************************************************

**<u>മഴക്കെടുതി : തിരുവനന്തപുരം</u>**

തിരുവനന്തപുരം ജില്ലയിൽ രണ്ട് ദിവസമായി തുടരുന്ന ശക്തമായ മഴയിൽ 1.41 കോടി രൂപയുടെ കൃഷി നാശം റിപ്പോർട്ട് ചെയ്തു. വിവിധ കൃഷി മേഖലകളിലായി 289 കർഷകരെയാണ് നഷ്ടം ബാധിച്ചത്. കഴിഞ്ഞ ദിവസത്തെ മഴയെ തുടർന്ന് ജില്ലയിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുറന്നു. കടകംപള്ളി വില്ലേജിൽ വെൺപാലവട്ടം അങ്കണവാടി ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പിൽ ഒരു കുടുംബത്തിലെ അഞ്ച് പേരാണ് കഴിയുന്നത്. മൂന്ന് വീടുകൾ പൂർണമായും 16 വീടുകൾ ഭാഗികമായും തകർന്നു.

*********************************************************

**<u>ഡാം മുന്നറിയിപ്പ്</u>**

വൃഷ്ടി പ്രദേശത്ത് മഴ ശക്തമായതിനാൽ നെയ്യാർ ഡാമിൻ്റെ ഷട്ടറുകൾ നിലവിൽ 80 cm ഉയർത്തി. സമീപവാസികൾ ജാഗ്രത പാലിയ്ക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

*********************************************************

RNUTVPM

**<u>വ്യാപക നാശ നഷ്ടം</u>**

കാസർഗോഡ് പെരിയ മൂന്നാം കടവിൽ മഴ വെള്ള പാച്ചലിൽ വ്യാപക നാശ നഷ്ടം. നിരവധി കവുങ്ങുകളും തെങ്ങുകളും നശിച്ചു. രണ്ട് കിണറുകൾ ഇടിഞ്ഞു താഴ്ന്നു. കാസർഗോഡ് ജില്ലയിൽ ഉച്ച മുതൽ ശക്തമായ മഴ തുടരുകയാണ്.

*********************************************************

**<u>ഒഴുക്കിൽപ്പെട്ടയാൾ മരിച്ചു</u>**

കോഴിക്കോട് ഒളവണ്ണ കുന്നത്ത് പാലം ചീർപ്പ് പാലത്തിന് സമീപം ഒഴുക്കിൽപ്പെട്ടയാൾ മരിച്ചു. കുന്നത്ത് പാലം സ്വദേശി രതീഷാണ് മരിച്ചത്. പാലം കടക്കവെ വെള്ളത്തിലേക്ക് വഴുതി വീഴുകയായിരുന്നു.

*********************************************************

## ട്വൻറി -20

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. രാത്രി എട്ടിന് ഗുയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിലാണ് മത്സരം. രാവിലെ നടന്ന മത്സരത്തിൽ അഫ്ഗാനിസ്ഥാനെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക ഫൈനലിൽ കടന്നു.

*****************************************************

## ആകാശവാണി-75

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ എഴുപത്തിയഞ്ചാം വാർഷികത്തോട് അനുബന്ധിച്ച് നാളെ രാവിലെ പത്തു മണിക്ക് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹകരണത്തോടെ കാഴ്ചപരിമിതി ഉള്ളവർക്കായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കും. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്.പഞ്ചാപകേശൻ, സാമൂഹ്യ നീതി വകുപ്പ് അസിസ്റ്റൻറ് ഡയറക്ടർ അഷ്റഫ് കാവിൽ എന്നിവർ സെമിനാർ നയിക്കും.

*****************************************************

RIJU TVPM

## പരിവാഹൻ

മോട്ടോർ വാഹനവകുപ്പിൻറെ 'പരിവാഹൻ' സംവിധാനത്തിൻറെ മറവിൽ നടക്കുന്ന ഓൺലൈൻ തട്ടിപ്പിനെതിരെ ജാഗ്രത പാലിക്കണമെന്ന് കേരള പൊലീസ്. വാഹന ഉടമകളെയും ഡ്രൈവർമാരെയും ലക്ഷ്യമിട്ട് വാട്സ്ആപ്പ് സന്ദേശത്തിലൂടെയാണ് ഇത്തരം സംഘങ്ങൾ പണം തട്ടിയെടുക്കുന്നത്. ഓൺലൈൻ സാമ്പത്തികത്തട്ടിപ്പിൽ പെട്ടാൽ ഉടൻ തന്നെ 1930 എന്ന നമ്പറിൽ പോലീസിനെ ബന്ധപ്പെടണമെന്നും നിർദേശമുണ്ട്.

*****************************************************

*****************************************************

**********************